"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കോട്ടയം മുനിസിപ്പാലിറ്റിയിലെ ശ്രീമതി ഉഷ തങ്കരാജ്, വാളൻപറമ്പിൽ -വീട് നിർമ്മാണത്തിന് കൈപ്പറ്റിയ തുകയും പലിശയും തിരിച്ചടയ്ക്കുന്നതിൽ നിന്നൊഴിവാക്കി വീട് വിൽക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1184/2024/LSGD തീയതി,തിരുവനന്തപുരം, 01-07-2024

---

പരാമർശം:-

1. കോട്ടയം മുനിസിപ്പൽ സെക്രട്ടറിയുടെ 21-11-2023 ലെ G1-13/1683/13(75) നമ്പർ കത്ത്
2. കോട്ടയം മുനിസിപ്പൽ 36 -ാം വാർഡ് കൗൺസിലർ ശ്രീ. ജോസ് പള്ളിക്കുന്നേലിന്റെ 15-02-2024 ലെ 51/2024 നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06-06-2024 ലെ 4.18 നമ്പർ യോഗതീരുമാനം

**ഉത്തരവ്**

കോട്ടയം മുനിസിപ്പാലിറ്റിയിലെ 33-ാം വാർഡിൽ താമസിക്കുന്ന ശ്രീമതി ഉഷ തങ്കരാജ്, വാളൻ പറമ്പിൽ 2012-13 ൽ ജനകീയാസൂത്രണ പദ്ധതിയിൽ 2.00 ലക്ഷം രൂപ ഭവനനിർമ്മാണത്തിന് ധനസഹായം കൈപ്പറ്റിയിരുന്നു. 12 വർഷത്തേയ്ക്ക് വീട് വിൽക്കുകയോ അന്യാധീന പ്പെടുത്തുകയോ ചെയ്യില്ല എന്ന് നഗരസഭയുമായി ടിയാരി 13-01-2013 ൽ കരാറിലേർപ്പെട്ടിരുന്നു. വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിന് എടുത്ത ബാങ്ക് വായ്പ വായ്പ തുക കുടിശ്ശിക ആയതിനാൽ ബാങ്ക് ജപ്തി നടപടി സ്വീകരിക്കുകയും, വായ്പ കുടിശ്ശിക അടയ്ക്കുന്നതിന് വീടും സ്ഥലവും വിൽക്കുന്നതിനായി മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിച്ച ധനസഹായം പലിശ സഹിതം തിരികെ അടയ്ക്കാം എന്ന് അപേക്ഷക പറഞ്ഞിരുന്നു എങ്കിലും തിരികെ അടയ്ക്കാൻ കഴിയാത്തതിനാൽ വീടും സ്ഥലവും വിറ്റ് ബാങ്ക് വായ്പ തിരിച്ചടച്ച് ബാക്കി തുക ഉപയോഗിച്ച് വേറെ സ്ഥലവും വീടും വാങ്ങാൻ കഴിയും വിധം ഗുണഭോക്താവ് നഗരസഭയുമായി ഏർപ്പെട്ട കരാറിൽ നിന്നൊഴിവാക്കുന്നതിനായി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ തീരുമാനത്തിനായി സമർപ്പിക്കുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനിച്ചതായി കോട്ടയം മുനിസിപ്പൽ സെക്രട്ടറി പരാമർശം 1 പ്രകാരം അറിയിച്ചിരുന്നു. ബാങ്ക് ലോൺ ക്ലോസ് ചെയ്ത് മറ്റൊരു വീടും സ്ഥലവും വാങ്ങി നൽകാൻ സമീപത്തുള്ള റബ്ബർ ഫാക്ടറി നടത്തുന്ന ആൾ തയ്യാറാണെന്ന് മുനിസിപ്പൽ കൗൺസിലർ പരാമർശം 2 പ്രകാരം അറിയിച്ചിരിക്കുന്നു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06-06-2024 ലെ യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. അനുയോജ്യമായ വീടും സ്ഥലവും ഗുണഭോക്താവിന് ലഭ്യമാക്കിയതിനു ശേഷം മാത്രമേ വീട് നിർമ്മാണത്തിന് കൈപ്പറ്റിയ തുകയും പലിശയും തിരിച്ചടയ്ക്കുന്നതിൽ നിന്നൊഴിവാക്കി വീട് വിൽക്കാവൂ എന്ന വ്യവസ്ഥയിൽ, കോട്ടയം മുനിസിപ്പാലിറ്റിയിലെ 33 -ാം വാർഡിൽ താമസിക്കുന്ന ശ്രീമതി ഉഷ തങ്കരാജ്, വാളൻപറമ്പിൽന് വീട് നിർമ്മാണത്തിന് കൈപ്പറ്റിയ തുകയും പലിശയും തിരിച്ചടയ്ക്കുന്നതിൽ നിന്നൊഴിവാക്കി വീട് വിൽക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 02-07-2024 12:43:05
സെക്ഷൻ ഓഫീസർ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കോട്ടയം നഗരസഭ
ശ്രീമതി ഉഷ തങ്കരാജ്, വാളൻപറമ്പിൽ, പാക്കിൽ പി.ഒ.,കോട്ടയം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനനതപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള ,തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡി എ)വകുപ്പ്
കരുതൽ ഫയൽ